DESPATCHED
On..14/1/22

30/12/2021

# സംസ്ഥാന വിവരാവകാശ കമ്മീഷൻ, കേരളം


പുന്നൻ റോഡ്, തിരുവനന്തപുരം 695 001

Tel: 0471- 2561631, 2561615, Fax: 0471-2330920

Email:- sic.ker@nic.in


## ഹർജി നമ്പർ AP.No.1025 (5)/20/SIC

## തീർപ്പ് കൽപ്പിച്ചു കൊണ്ടുള്ള നടപടിക്രമം

## File No. 6720/SIC-G7/2020

സന്നിഹിത

ശ്രീമതി ശ്രീലത പി. ആർ., സംസ്ഥാന വിവരാവകാശ കമ്മീഷണർ

ഉത്തരവ് തീയതി : 30.12.2021

ശ്രീ കൃഷ്ണകുമാർ കെ,
കൃഷ്ണഭവൻ, പുന്നൈക്കുന്നം, കുടവൂർ പി.ഒ,
തിരുവനന്തപുരം – 695 313. } അപ്പീൽ ഹർജിക്കാരൻ

Vs

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
പൊതു വിദ്യാഭ്യാസ (യു) വകുപ്പ്,
ഗവൺമെന്റ് സെക്രട്ടറിയേറ്റ്, തിരുവനന്തപുരം.

2. അപ്പീൽ അധികാരി,
പൊതു വിദ്യാഭ്യാസ (യു) വകുപ്പ്,
ഗവൺമെന്റ് സെക്രട്ടറിയേറ്റ്, തിരുവനന്തപുരം.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ തീയതി | 15.01.2020 |
| പബ്ലിക് ഇൻഫർമേഷൻ ഓഫീസറുടെ മറുപടി | NIL |
| ഒന്നാം അപ്പീൽ | 16.03.2020 |
| അപ്പീൽ അധികാരിയുടെ തീരുമാനം | 24.06.2020 |
| രണ്ടാം അപ്പീൽ സമർപ്പിച്ച തീയതി | 21.06.2020 |
| ഹിയറിംഗ് തീയതി, സ്ഥലം | 08.09.2021 സംസ്ഥാന വിവരാവകാശ കമ്മീഷൻ, തിരുവനന്തപുരം. |
| എതിർകക്ഷി<br>അപ്പീൽ ഹർജിക്കാരൻ | ഹാജരായിരുന്നു<br>ഹാജരായിരുന്നു |

## ഉത്തരവ്

കമ്മീഷന്റെ പരിഗണനയ്ക്ക് വന്ന ഈ അപ്പീൽ ഹർജിയിൽ സമർപ്പിക്കപ്പെട്ട രേഖകളും, എതിർകക്ഷിയും അപ്പീൽ ഹർജിക്കാരനും ഓഡിയോ കോൺഫെറൻസ് മുഖാന്തിരം കമ്മീഷൻ മുമ്പാകെ നൽകിയ മൊഴിയും, വിശദീകരണവും വിശദമായി പരിശോധിച്ച് താഴെ പറയും പ്രകാരം തീർപ്പാക്കുന്നു.

2. അധ്യാപകർ സ്വകാര്യ ട്യൂഷൻ നടത്തുന്നതുമായി ബന്ധപ്പെട്ട് വിജിലൻസ് (ബി) വകുപ്പ് നടത്തിയ മിന്നൽ പരിശോധനാ റിപ്പോർട്ട് ആവശ്യപ്പെട്ടുകൊണ്ട് അപ്പീൽ ഹർജിക്കാരൻ സമർപ്പിച്ച വിവരാവകാശ അപേക്ഷയ്ക്ക് എസ്.പി.ഐ.ഒ മറുപടി ലഭ്യമാക്കാത്തതിനാൽ 16.03.2020 ന് അപ്പീൽ സമർപ്പിച്ചുവെങ്കിലും 26.05.2020 നാണ് അപ്പീൽ തീർപ്പാക്കിയിരിക്കുന്നത്.

3. വിവരാവകാശ നിയമപ്രകാരം സമർപ്പിച്ച അപേക്ഷയ്ക്കും അപ്പീലിനും സമയബന്ധിതമായി മറുപടി ലഭ്യമാക്കിയില്ലെന്നും നീതിനിഷേധത്തിനും അവകാശ നിഷേധത്തിനും കർശനമായ നടപടി സ്വീകരിക്കണമെന്നും അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ മൊഴി നൽകുകയുണ്ടായി. ഹർജിക്കാരന്റെ വിവരാവകാശ അപേക്ഷ 22.01.2020 ലാണ് സെക്ഷനിൽ ലഭിച്ചതെന്നും പ്രസ്തുത സീറ്റിലെ അസിസ്റ്റന്റ് ലീവ് ആയിരുന്നതിനാൽ അപേക്ഷ ശ്രദ്ധയിൽപ്പെട്ടിരുന്നില്ലെന്നും ടിയാളുടെ അപ്പീൽ അപേക്ഷ ലഭിച്ചപ്പോഴാണ് ടി വിവരം ശ്രദ്ധയിൽപ്പെട്ടതെന്നും തുടർന്ന് കോവിഡ്–19 മായി ബന്ധപ്പെട്ട നിയന്ത്രണങ്ങളുടെ ഭാഗമായി ലോക്ക്ഡൗൺ ഏർപ്പെടുത്തിയതിനാൽ അപ്പീൽ അപേക്ഷ പരിഗണിച്ച് സെക്ഷനിൽ ലഭ്യമായ വിവരങ്ങളുടെ വിശദാംശവും ബന്ധപ്പെട്ട അനൗദ്യോഗിക കുറിപ്പിന്റെ പകർപ്പും 26.05.2020 ന് ഹർജിക്കാരന് അയച്ചുകൊടുത്തുവെന്നും എസ്.പി.ഐ.ഒ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചു.

4. അപ്പീൽ ഹർജിയും അനുബന്ധ രേഖകളും ഇരുകക്ഷികളുടെയും മൊഴിയും കമ്മീഷൻ വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ വിവരാവകാശ നിയമപ്രകാരം അപേക്ഷകർ അപേക്ഷ സമർപ്പിക്കുമ്പോൾ പരമാവധി വേഗത്തിൽ ആവശ്യപ്പെട്ടിരിക്കുന്ന വിവരം ലഭ്യമാക്കേണ്ടതാണ് എസ്.പി.ഐ.ഒ യുടെ ഉത്തരവാദിത്വം. ഇവിടെ ഹർജിക്കാരന്റെ വിവരാവകാശ അപേക്ഷയ്ക്ക് സമയബന്ധിതമായി എതിർകക്ഷി മറുപടി ലഭ്യമാക്കിയതായി കമ്മീഷൻ കാണുന്നില്ല. വിവരാവകാശ നിയമത്തെ വളരെ ലാഘവത്തോടെയാണ് എസ്.പി.ഐ.ഒ കൈകാര്യം ചെയ്തിരിക്കുന്നത്. മറുപടി ലഭ്യമാക്കുന്നതിന് കാലതാമസം വന്നതിന് എസ്.പി.ഐ.ഒ നൽകിയ മൊഴി ന്യായീകരിക്കുവാൻ

പറ്റുന്നതല്ല. ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ സമയബന്ധിതമായി നൽകാതിരുന്നതിൽകൂടി എസ്.പി.ഐ.ഒ. യുടെ ഭാഗത്തു നിന്നും ഗുരുതരമായ വീഴ്ച സംഭവിച്ചതായി പ്രഥമദൃഷ്ട്യാ കമ്മീഷന് ബോദ്ധ്യപ്പെട്ടു. ഇപ്രകാരം വീഴ്ച വരുത്തിയ എസ്.പി.ഐ.ഒ.യ്ക്കെതിരെ വിവരാവകാശനിയമം വകുപ്പ് 20(1) പ്രകാരമുള്ള ശിക്ഷാനടപടി സ്വീകരിക്കുവാൻ കമ്മീഷൻ തീരുമാനിക്കുന്നു. ഇക്കാര്യത്തിൽ ടി എതിർകക്ഷിക്ക് എന്തെങ്കിലും ബോധിപ്പിക്കുവാനുണ്ടെങ്കിൽ ആയത് ഈ ഉത്തരവ് കൈപ്പറ്റി 15 ദിവസത്തിനകം രേഖാമൂലം കമ്മീഷനെ അറിയിക്കേണ്ടതാണ്. നിശ്ചിത സമയത്തിനുള്ളിൽ യാതൊരു മറുപടിയും ലഭിച്ചിട്ടില്ലെങ്കിൽ എതിർകക്ഷിയ്ക്ക് യാതൊന്നും ബോധിപ്പിക്കുവാനില്ലെന്ന നിഗമനത്തിൽ കമ്മീഷൻ ടി വകുപ്പ് പ്രകാരമുള്ള അന്തിമ നടപടി സ്വീകരിക്കുന്നതായിരിക്കും. ഇക്കാര്യത്തിൽ എതിർകക്ഷിയ്ക്ക് കമ്മീഷൻ മുമ്പാകെ നേരിൽകണ്ട് ബോധിപ്പിക്കുവാനുണ്ടെങ്കിൽ അക്കാര്യം ടിയാന്റെ വിശദീകരണത്തിൽ പ്രത്യേകം സ്പഷ്ടമാക്കേണ്ടതുമാണ്. ഇപ്രകാരം ഈ അപ്പീൽ ഹർജി ഇന്നേ ദിവസം 2021 ഡിസംബർ മാസം 30-ാം തീയതി ഉത്തരവാകുന്നു.

(ഒപ്പ്)
**ശ്രീലത. പി. ആർ.**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**കമ്മീഷൻ സെക്രട്ടറി**
Jn